അദ്ധ്യാപക-അനദ്ധ്യാപകർക്കുള്ള ഭവന നിർമ്മാണ വായ്പ സബ്സിഡി

17 (1840) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷനിൽനിന്നും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ വായ്പയ്ക്ക് സർക്കാർ പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാരും കോർപ്പറേഷനും തമ്മിൽ ഇതു സംബന്ധിച്ചുള്ള വ്യവസ്ഥ എന്താണ്;

(ബി) കഴിഞ്ഞ രണ്ടു വർഷമായി പ്രസ്തുത കോർപ്പറേഷന് പലിശ സബ്സിഡി അനുവദിക്കാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ; പലിശ സബ്സിഡി അനുവദിക്കണമെന്ന പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ശുപാർശ ധനകാര്യ വകുപ്പ് അംഗീകരിക്കാത്തതെന്തുകൊണ്ടാണ്;

(സി) പലിശ സബ്സിഡി ലഭിക്കാത്തതുമൂലം വായ്പയെടുത്ത ജീവനക്കാർക്കും കോർപ്പറേഷനുമുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് മുടങ്ങിയിട്ടുള്ള കാലയളവിലെയും തുടർന്നുള്ള പലിശ സബ്സിഡി അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ കോർപ്പറേഷൻ ഹഡ്കോ പോലുള്ള ധനകാര്യ സ്ഥാപനങ്ങൾക്കു നൽകേണ്ടിവരുന്ന കൂടിയ പലിശയും കോർപ്പറേഷൻ നൽകുന്ന ഭവന വായ്പയ്ക്ക് അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരിൽനിന്നും ഈടാക്കുന്ന കുറഞ്ഞ പലിശയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി അനുവദിക്കുമെന്ന് സർക്കാർ സമ്മതിച്ചിരുന്നു. ഇങ്ങനെ അനുവദിക്കണമെങ്കിൽ സർക്കാർ ജീവനക്കാരിൽനിന്നും ഈടാക്കുന്ന പലിശയേക്കാൾ കോർപ്പറേഷൻ ഈടാക്കുന്ന പലിശ കുറയാൻ പാടില്ല എന്ന വ്യവസ്ഥയുണ്ട്. സർക്കാർ ജീവനക്കാരിൽനിന്നും ഈടാക്കിവന്ന 9% പലിശ നിരക്ക് തന്നെയാണ് കോർപ്പറേഷൻ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരിൽനിന്നും ഭവന വായ്പയ്ക്കുള്ള പലിശയായി ഈടാക്കിവന്നത്. പരമാവധി 36 ലക്ഷം രൂപയും വാർഷിക പരിധി നിർണ്ണയിച്ചുകൊണ്ട് ഓരോ വർഷവും സബ്സിഡി തുക അഡ്വാൻസായി അനുവദിക്കുമെന്നും സമ്മതിച്ചിരുന്നു. എന്നാൽ 1986-87 മുതൽ 95-96 വരെയുള്ള സബ്സിഡി തുകയായി 117.10 ലക്ഷം രൂപ നൽകിയതിനുശേഷം 96-97 മുതൽ സബ്സിഡി തുകയൊന്നും നൽകിയിട്ടില്ല.

(ബി) മുൻ വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഇതിനൊരു ടോക്കൺ പ്രൊവിഷൻ മാത്രം ഉള്ളതിനാൽ ഏതെങ്കിലും ശീർഷകത്തിൽ സേവിംഗ്സ് ഉണ്ടെങ്കിൽ റീ-അപ്രോപ്രിയേഷനുവേണ്ടി ഗവൺമെന്റിനെ അറിയിക്കാൻ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

സഹകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണം തടയുന്നതിന് നടപടി

18 (1841) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly